(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ബസുമതി നെൽക്കൃഷി

5 (*64) ശ്രീ. ജോസ് ബേബി :

ശ്രീ. എൻ. അനിരുദ്ധൻ :

ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസുമതി നെല്ല് നമ്മുടെ സംസ്ഥാനത്ത് കൃഷി ചെയ്യുന്നതിനുള്ള സാഹചര്യമുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതിലേയ്ക്കായി കർഷകന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പാലക്കാട്, വയനാട്, തൃശ്ശൂർ, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പാടശേഖരങ്ങളിലായി 1000 ഹെക്ടർ സ്ഥലത്ത് ബസുമതി കൃഷി നടപ്പിലാക്കുന്നതിനായി സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന ഉത്തരവ് ജി.ഒ. (ആർ.റ്റി)1847/2000/എ.ഡി. തീയതി 28.10.2000 പുറപ്പെടുവിച്ചു കഴിഞ്ഞു.

(സി) പൊതുവായ ബസുമതി നെൽകൃഷിയ്ക്ക് കർഷകർക്ക് വിത്ത്, ഉൽപ്പാദനോപാധികൾ, നെല്ലുസംഭരണം തുടങ്ങിയവയ്ക്കായി ഹെക്ടറൊന്നിന് 2100 രൂപയുടെ സഹായം ലഭ്യമാക്കും. ഇതുകൂടാതെ കർഷകരുടെ പങ്കാളിത്തത്തോടെ പ്രദേശങ്ങൾക്ക് അനുയോജ്യമായ വിത്തിനങ്ങളും കൃഷിരീതികളും പരീക്ഷിച്ച് ഉറപ്പുവരുത്തുന്നതിന് സാങ്കേതിക വികസനം പദ്ധതി പ്രകാരം ബസുമതി നെൽക്കൃഷി ചെയ്യുന്ന കർഷകർക്ക് പ്രത്യേക സഹായമെന്ന നിലയിൽ ഹെക്ടറൊന്നിന് 4150 രൂപയുടെ സഹായം നൽകും. സംഭരണ പ്രോത്സാഹനമായി ക്വിന്റൽ ഒന്നിന് 60 രൂപ നിരക്കിൽ സംഭരണ ഏജൻസിക്കു നൽകും. കർഷകർ നേരിട്ടു സംഭരണ ഏജൻസിയെ ഏൽപ്പിച്ചാൽ കർഷകർക്കു ക്വിന്റലിന് 40 രൂപയും നൽകും.

റെയിൽവേ വികസനം

6 (*65) ശ്രീ. എളമരം കരീം :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റെയിൽവേ വികസനത്തിനായി സംസ്ഥാന സർക്കാർ ഏതെല്ലാം പദ്ധതികളാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 1999-2000, 2000-2001 എന്നീ വർഷങ്ങളിലെ കേന്ദ്ര റെയിൽവേ ബഡ്ജറ്റുകളിൽ സംസ്ഥാനത്തെ ഏതെല്ലാം റെയിൽവേ വികസന പദ്ധതികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര റെയിൽ മന്ത്രാലയം പ്രസ്തുത വർഷങ്ങളിൽ അനുവദിച്ച സംസ്ഥാനത്തെ ഏതെല്ലാം റെയിൽവേ വികസന പദ്ധതികളുടെ പണിയാണ് പൂർത്തീകരിച്ചത്; ഏതെല്ലാം പണികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേരളത്തിലെ ഏതെല്ലാം റെയിൽവേ പാതകളുടെ ഇരട്ടിപ്പിക്കലാണ് നടന്നുകൊണ്ടിരിക്കുന്നത്; ഇവയുടെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) എറണാകുളം-കോട്ടയം, ആലപ്പുഴ-കായംകുളം പാതകൾ ഇരട്ടിപ്പിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; ഇതിന്റെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ;

(എഫ്) കേരളത്തിലെ റെയിൽവേപ്പാത ഇരട്ടിപ്പിക്കൽ ഏറ്റെടുക്കാൻ കഴിഞ്ഞില്ലെന്ന കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുടെ പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) എരുമേലിയിൽ നിന്ന് പുനലൂരിലേക്കും കോട്ടയത്തു നിന്ന് മധുരയിലേക്കും പുതിയ ബ്രോഡ്ഗേജ് പാത നിർമ്മിക്കണമെന്നും, കൊല്ലം-ചെങ്കോട്ട പാതയും, ഡിണ്ടിഗൽ-പൊള്ളാച്ചി-പാലക്കാടു പാതയും പൊള്ളാച്ചി-വാദനൂർ പാതയും ബ്രോഡ്ഗേജാക്കി മാറ്റണമെന്നും എറണാകുളം-തിരുവനന്തപുരം പാത വൈദ്യുതീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തലശ്ശേരി-മൈസൂർ പാതയുടെയും, ഇടപ്പള്ളി-ഗുരുവായൂർ-താനൂർ തീരദേശ പാതയുടെയും സർവ്വേ വേഗം പൂർത്തിയാക്കണമെന്നും, മംഗലാപുരത്തുനിന്ന് ആലപ്പുഴ വഴി തിരുവനന്തപുരത്തേയ്ക്ക് പുതിയ തീവണ്ടി ആരംഭിക്കണമെന്നും ഷൊർണ്ണൂർ-മംഗലാപുരം പാതയും എറണാകുളത്തുനിന്നും ആലപ്പുഴ വഴിയും കോട്ടയം വഴി കായംകുളം വരെയുള്ള പാതകളും ഇരട്ടിപ്പിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിലെ തിരക്ക് കുറയ്ക്കാനായി നേമത്ത് ഒരു സാറ്റലൈറ്റ് സ്റ്റേഷനും, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിനടുത്ത് നെടുമ്പാശ്ശേരിയിൽ ഒരു പുതിയ സ്റ്റേഷനും ആരംഭിക്കുന്ന കാര്യവും ഉന്നയിച്ചിട്ടുണ്ട്. നിർദ്ദിഷ്ട വല്ലാർപാടം കണ്ടയിനർ ടെർമിനൽ പ്രോജക്ടിലേയ്ക്ക് റെയിൽ ബന്ധം സ്ഥാപിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 29 റെയിൽ ഓവർബ്രിഡ്ജുകൾ സ്ഥാപിക്കുന്ന നടപടി ത്വരിതപ്പെടുത്താനും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 1999-2000 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ എറണാകുളം ജംഗ്ഷൻ മുതൽ എറണാകുളം മാർഷലിംഗ് യാർഡുവരെയുള്ള പാത ഇരട്ടിപ്പിക്കുന്ന പണിക്ക് 3.16 കോടി രൂപ വകയിരുത്തിയിരുന്നു. 2000-2001 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികൾക്ക് തുക ഒന്നും വകയിരുത്തിയിട്ടില്ല.

(സി) പണി പൂർത്തീകരിച്ചിട്ടില്ല. എറണാകുളം ജംഗ്ഷൻ മുതൽ എറണാകുളം മാർഷലിംഗ് യാർഡുവരെ പാത ഇരട്ടിപ്പിക്കുന്ന പണിയ്ക്കുള്ള 6.03 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി റെയിൽവേ ബോർഡിന്റെ പരിഗണനയ്ക്ക് അയച്ചിരിക്കുകയാണ്. ടെണ്ടർ ചെയ്തുകഴിഞ്ഞ് മരപ്പണിയും ചെറുകിട പാലങ്ങളുടെ പണിയും പുരോഗമിച്ചുവരുന്നു.

(ഡി) ഇരട്ടിപ്പിക്കൽ പണി നടന്നുവരുന്ന എറണാകുളം ജംഗ്ഷൻ-എറണാകുളം മാർഷലിംഗ് യാർഡ് പാതയുടെ പണി 2001 ഡിസംബറിലും,

LIBRARY ARCHIVES Kerala Legislative Assembly

കുറ്റിപ്പുറം-കോഴിക്കോട് പാതയുടെ പണി 2004 മാർച്ചിലും കോഴിക്കോട്-മംഗലാപുരം പാതയുടെ പണി 2002 മാർച്ചിലും പൂർത്തിയാക്കാമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) എറണാകുളത്തുനിന്നും ആലപ്പുഴ വഴിയും കോട്ടയം വഴിയും കായംകുളത്തേയ്ക്കുള്ള പാതകൾ ഇരട്ടിപ്പിക്കുന്നതിനായുള്ള റെക്കൈനൻസ് എഞ്ചിനീയറിംഗ് കം ട്രാഫിക് സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി മാറ്റി വെച്ചതായി റെയിൽവേ ബോർഡ്, 28.2.2000-ൽ ദക്ഷിണ റെയിൽവേയെ അറിയിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

കൊപ്രയ്ക്ക് താങ്ങുവില

7 (*67) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര കാർഷിക വിലനിർണ്ണയ കമ്മീഷൻ കൊപ്രയ്ക്ക് താങ്ങുവില ഏർപ്പെടുത്തേണ്ടതില്ലെന്ന് പ്രഖ്യാപിച്ചിരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഇ) ഇതിൽ ഏതെല്ലാം ഇനങ്ങൾക്ക് ഇതിനകം താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) കൊപ്രയുടെ താങ്ങുവില എത്രയായി പ്രഖ്യാപിക്കണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്. മില്ലിംഗ് കൊപ്ര കിന്റലിന് 3250 രൂപയും ഉണ്ട കൊപ്രായ്ക്ക് 3500 രൂപയും താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി)&(ഇ) കേന്ദ്ര കാർഷിക വിലനിർണ്ണയ കമ്മീഷന്റെ അധികാര പരിധിയിലും പരിഗണനയിലുമായി 20-ൽ പരം വിളകളുണ്ട്. ഇതിൽ കേരളത്തിന്റെ നെല്ലും കൊപ്രയും മാത്രമേ കമ്മീഷന്റെ അധികാരപരിധിയിൽ വരുന്നുള്ളൂ. കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ കാർഷിക ഉൽപ്പന്നങ്ങളും കാർഷിക വില നിർണ്ണയ കമ്മീഷന്റെ അധികാര പരിധിയിൽ കൊണ്ടുവരണ

LIBRARY ARCHIVES Kerala Legislative Assembly